# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 422

02.12.2014-ൽ മറുപടിക്ക്

## സഹകരണ ബാങ്ക് പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കൊട്ടാരക്കര താലൂക്കിൽ മൈലം ഗ്രാമപഞ്ചായത്തിൽ താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപകർക്ക് പണം തിരികെ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, ലോൺതുകയിൽ കുടിശിക ഇനത്തിലുള്ള തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾക്കായി 30.09.2014 തീയതിയിൽ പി. ആയിഷാ പോറ്റി എം.എൽ.എ, ബഹു. സഹകരണ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ; | (എ) നിക്ഷേപകർക്ക് പണം തിരികെ ലഭിക്കാത്തതും, കുടിശ്ശിക ഇനത്തിലുള്ള വായ്പ തിരികെ ഈടാക്കുന്നതിനും സെയിൽ ആഫീസറെ നിയമിക്കുന്ന വിഷയത്തിലും തീരുമാനമായിട്ടില്ല എന്നും പരാമർശിച്ച് സർക്കാരിൽ നിവേദനം ലഭിക്കുകയുണ്ടായി. നിക്ഷേപ ഇനത്തിൽ നല്കാനുള്ള 14.67 കോടി രൂപ (2012-13 ആഡിറ്റ് പ്രകാരം) തിരികെ നല്കുന്നതിന് വായ്പ ഇനത്തിൽ നൽകിയിട്ടുള്ള തുക തിരികെ ഈടാക്കിയെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. സെയിൽ ആഫീസർ തലത്തിൽ കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ആർബിട്രേഷൻ എക്സിക്യൂഷൻ ഇൻസ്പെക്ടർ ആണ് സെയിൽ ജോലികൾ നിർവ്വഹിച്ചു വരുന്നത്.<br><br>താമരക്കുടി സർവീസ് സഹകരണ ബാങ്കിന്റെ ക്രമക്കേടുകൾ സംബന്ധിച്ച വിഷയത്തിൻമേൽ നടപടി സ്വീകരിച്ചതിന്റെ പുരോഗതിയും തുടർ നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ചും 05.11.2014-ൽ സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം വിളിച്ചുചേർത്ത ഉദ്യോഗസ്ഥതല യോഗത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ബാങ്കിന്റെ ഭരണസമിതി യോഗം 26.11.2014-ൽ ജോയിന്റ് |

രജിസ്ട്രാർ വിളിച്ചു ചേർക്കുകയും യോഗത്തിൽ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ ഭരണസമിതിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ പുരോഗതി യഥാസമയം വിലയിരുത്തുകയും വീഴ്ചയുണ്ടായാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) ബാങ്കിൽ സെയിൽ ആഫീസർ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബാങ്കിനു മാത്രമായി സെയിൽ ആഫീസറെ നിയമിച്ചിട്ടില്ല. കൊട്ടാരക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ആർബിട്രേഷൻ & എക്സിക്യൂഷൻ ഇൻസ്പെക്ടറാണ് ആർബിട്രേഷൻ & എക്സിക്യൂഷൻ നടപടികൾ കൈകാര്യം ചെയ്യുന്നത്.

(സി) ബാങ്കിൽ ആരോപിക്കപ്പെടുന്ന ക്രമക്കേടുകൾക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

(സി) ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണനിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുകയും ഭരണസമിതിയെ നീക്കം ചെയ്യുകയും പുതുതായി തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ ബാധ്യത തിട്ടപ്പെടുത്തുന്നതിന് സഹകരണനിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ബാങ്കിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ മുൻ സെക്രട്ടറി ശ്രീ. വിജയകുമാറിൽ നിന്നും 90,87,154.82/- രൂപയും മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻ നായരിൽ നിന്നും 24,530/- രൂപയും ഈടാക്കിയെടുക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ഉത്തരവായിട്ടുള്ളതാണ്.

ഇതു കൂടാതെ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിജയകുമാറിനെതിരെ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ. 913/2013 നമ്പരായി ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള തുകകൾക്കു പുറമെ 2011-12 വർഷത്തെ ആഡിറ്റ് ന്യൂനതകൾ സംബന്ധിച്ച് സമർപ്പിച്ച സ്പെഷ്യൽ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീ. വിജയകുമാറിൽ നിന്നും 35,15,340/- രൂപ ഈടാക്കാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടിൻമേൽ ഐ.പി.സി. 403 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് കൊട്ടാരക്കര റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന് സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം അപേക്ഷ നല്കിയിട്ടുണ്ട്. സംഘത്തിന് നഷ്ടമായിട്ടുള്ള തുകകൾ ഈടാക്കുന്നതിന് സാധ്യമായ എല്ലാ നിയമനടപടികളും സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നടന്ന യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ